LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ റെസീപ്റ്റ്സിന്റെ ആകെ തുക 8358.81 കോടി രൂപയാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ പേയ്മെന്റിന്റെ ആകെ തുക 8393.48 കോടി രൂപയാണ്.

(സി) 31-3-2015-ലെ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ക്ലോസിംഗ് ബാലൻസ് 1207.68 കോടി രൂപയാണ്.

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൂടി ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് സംസ്ഥാനത്തിന്റെ ക്യാഷ്ബാലൻസിൽ പ്രതിഫലിക്കാറുണ്ട്. എന്നാൽ ഈ തുകയെ സർക്കാർ പണമായി കണക്കാക്കാൻ കഴിയാത്തതിനാൽ സർക്കാരിന്റെ മറ്റ് പ്രവർത്തനങ്ങൾക്ക് ഈ തുക വിനിയോഗിക്കാൻ കഴിയില്ല.

കാരുണ്യ ചികിത്സ ധനസഹായം

113 (1939) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ചികിത്സാധനസഹായം അപകടങ്ങൾ കാരണമുള്ള ചികിത്സകൾക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള സഹായം അനുവദിക്കുന്നുണ്ട്.

കാരുണ്യ ബെനവലന്റ് സ്കീം

114 (1940) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി എന്നുമുതലാണ് ആരംഭിച്ചത് ; ഇതുവരെ എത്ര നറുക്കെടുപ്പുകൾ നടത്തി ; ഓരോ നറുക്കെടുപ്പിൽ നിന്നും ലഭിച്ച തുക, ഇവയുടെ നടത്തിപ്പിനായി ചെലവഴിച്ച തുക എന്നിവയുടെ വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ ;